# സാഹിത്യനിപുണൻ ടി. എം. ചുമ്മാർ ഫൗണ്ടേഷൻ

സാഹിതീനിലയം, വരാപ്പുഴ – 683 517

## സാഹിത്യ മത്സരങ്ങൾ

മലയാളഭാഷയ്ക്കും സാഹിത്യത്തിനും മഹത്തായ സംഭാവനകൾ നൽകിയ യശഃശരീരനായ സാഹിത്യ നിപുണൻ **ടി. എം. ചുമ്മാർ** മാസ്റ്ററുടെ 116-ാമത് ജൻമദിനത്തോടനുബന്ധിച്ച് ' **സാഹിത്യനിപുണൻ ടി. എം. ചുമ്മാർ ഫൗണ്ടേഷൻ**' ഹൈസ്കൂൾ / ഹയർ സെക്കന്ററി സ്കൂൾ (കേരള / സി.ബി.എസ്.സി./ ഐ.സി.എസ്.സി.) വിദ്യാർത്ഥികൾക്കായി അഖില കേരളാടിസ്ഥാനത്തിൽ പ്രസംഗം, കവിതാപാരായണം, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഓരോ മത്സരത്തിനും ഒരു വിദ്യാലയത്തിൽനിന്നും പരമാവധി മൂന്നുപേരെ പങ്കെടുപ്പിക്കാവുന്നതാണ്.

വിദ്യാർത്ഥികൾക്ക് നേരിട്ടും സ്കൂൾ അധികൃതർ മുഖേനയും പേര് രജിസ്റ്റർ ചെയ്യാം. എന്നാൽ നേരിട്ട് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവർ പഠിക്കുന്ന സ്കൂൾ അധികൃതരിൽ നിന്നും പേര്, പഠിക്കുന്ന ക്ലാസ് എന്നീ വിവരങ്ങൾ അടങ്ങിയ സർട്ടിഫിക്കറ്റുകൾ മത്സരത്തിന് മുമ്പായി ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| **പ്രസംഗ മത്സരം** | **– വിഷയം : ഭാഷയും സംസ്കാരവും** |
| | **– സമയം : 5 മിനിറ്റ്** |
| **കവിതാപാരായണം** | **– സമയം : 7 മിനിറ്റ്** |

ക്വിസ് മത്സരത്തിന് ' **മലയാള ഭാഷയും – സാഹിത്യവും – കലയും** ' ആയിരിക്കും വിഷയം. രണ്ടു പേരടങ്ങുന്ന ഒരു ടീം ആയി വേണം പങ്കെടുക്കാൻ. പ്രാഥമിക മത്സരവും ഫൈനൽ മത്സരവും ഉണ്ടായിരിക്കും. പ്രാഥമിക മത്സരം – ഒബ്ജക്ടീവ് മാതൃകയിൽ എഴുത്തുപരീക്ഷയും, ഫൈനൽ മത്സരം – ചോദ്യരൂപത്തിലുമായിരിക്കും. പ്രാഥമിക മത്സരത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ആറ് ടീമുകളെ ഉൾപ്പെടുത്തിയായിരിക്കും ഫൈനൽ മത്സരം. ഒരേ നിലവാരം പുലർത്തുന്ന ആറ് ടീമിൽ കൂടുതൽ പ്രാഥമിക മത്സരത്തിൽ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ അവരിൽ നിന്നും 6 ടീമിനെ തിരഞ്ഞെടുക്കുന്നതായിരിക്കും. അവസാന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തുന്ന ടീമിന് യഥാക്രമം 3000, 2000, 1000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്. കൂടാതെ ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിന് ടി. എം. ചുമ്മാർ സ്മാരക എവർ റോളിംഗ് ട്രോഫിയും നൽകുന്നതാണ്.

പ്രസംഗം, കവിതാപാരായണം എന്നീ മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 1000, 750, 500 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.

എല്ലാ മത്സരങ്ങളും 2014 സെപ്റ്റംബർ 27-ാം തീയതി ശനിയാഴ്ച വരാപ്പുഴ ചിറയ്ക്കകം ഗവ. യു. പി. സ്കൂളിൽവെച്ചായിരിക്കും നടത്തപ്പെടുന്നത്. പ്രസംഗം, കവിതാപാരായണം എന്നീ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ രാവിലെ 9.30 ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്വിസ് മത്സരം 2.00pm ആരംഭിക്കുന്നതാണ്.

വിജയികളെ വിവരം സ്കൂൾ വഴി അറിയിക്കുന്നതാണ്. സമ്മാനദാനം ടി. എം. ചുമ്മാർ മാസ്റ്ററുടെ 116-ാം ജൻമദിനാഘോഷത്തോട് അനുബന്ധിച്ച് നടത്തപ്പെടുന്ന യോഗത്തിൽ വെച്ച് നൽകും.

അപേക്ഷകൾ 2014 സെപ്റ്റംബർ 23 ന് മുമ്പ് ലഭിക്കത്തക്കവിധം സെക്രട്ടറി, സാഹിത്യനിപുണൻ ടി. എം. ചുമ്മാർ ഫൗണ്ടേഷൻ, സാഹിതീനിലയം, വരാപ്പുഴ – 683 517 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഫോണിലൂടെയും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0484-2512623, 2513813, 2516109, 9387626767 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

എന്ന്,
സെക്രട്ടറി

വരാപ്പുഴ,
08.08.2014